## 19

# മാനസാന്തരം

നാം ചിലപ്പോൾ സന്ദർഭാനുസരണം നമ്മുടെ ആത്മിയ മൂല്യങ്ങളെ നാം തന്നെ തീരുമാനിക്കും. ഇതു എപ്രകാരം വാസ്തവമാണെന്ന്, മറക്കാനാവാത്ത ധനവാനായ മനുഷ്യന്റെ ഒരു രംഗം ലൂക്കൊസ് 16-ൽ നമ്മെ ബോധ്യപ്പെടുത്തുന്നു. ആ ധനവാൻ ഈ ജീവിതത്തിൽ മറ്റാരെക്കുറിച്ചും ചിന്തിച്ചില്ല, അവന്റെ ആതമീയാവശ്യങ്ങളെയും കരുതിയില്ല. അവന്റെ കരുതലുകൾ അവന്റെ ചെറിയ ലോകത്തിലേക്കു ചുരുങ്ങി സ്വാർത്ഥമായ അഭിലാഷങ്ങളിൽ മാത്രമായിരുന്നു. മരിച്ചപ്പോൾ, അവൻ നിത്യതയിൽ ഈ ലോകത്തിലെ ജീവിതത്തിന്റെ ഫലം അനുഭവിക്കുമാറായി. അവൻ ആഡംബരത്തിൽ നിന്നു യാതനാസ്ഥലമുള്ള ആത്മാക്കളുടെ ലോകമായ “പാതാളത്തിലേക്കു” പോയി (ലൂക്കൊസ് 16:23).

മരണശേഷം, അവന്റെ മുൻഗണനകൾ പൂർണ്ണമായും മാറി. മറ്റെല്ലാ പരിഗണനകളും മങ്ങിപ്പോയി. രണ്ടു പ്രധാന ചിന്തകളുമായി അവൻ കഴിഞ്ഞു: ഒന്ന്, അവൻ (ഒരു പക്ഷേ ആദ്യമായിട്ടായിരിക്കാം) തന്റെ ആത്മാവിനെ കുറിച്ചു കരുതാൻ തുടങ്ങി, അവൻ കരുണക്കും കൃപക്കും അപേക്ഷിച്ചു, യേശു പറഞ്ഞു, “അവൻ നിലവിളിച്ചു, പറഞ്ഞു, ‘അബ്രഹാം പിതാവേ, എന്നോടു കരുണയുണ്ടാകേണമേ, ലാസറിനെ അയച്ചു അവന്റെ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ ഒന്നു തണുപ്പിക്കേണമേ. ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു’” (ലൂക്കൊസ് 16:24).

രണ്ട്, അവൻ തന്റെ സഹോദരന്മാരുടെ ആത്മിയാവശ്യങ്ങൾക്കായി ശബ്ദം ഉയർത്തുകയുണ്ടായി. തന്റെ സഹോദരന്മാരുടെ ആത്മീയാവശ്യങ്ങളെക്കുറിച്ച് ആദ്യമായിട്ടായിരിക്കാം അവൻ കരുതാൻ തുടങ്ങിയത് ചുരുങ്ങിയ നിമിഷങ്ങളിലെ

യാതന അവന്റെ ഉള്ളിൽ ഒരു മിഷനറിയുടെ ഹൃദയമുള്ളവനാക്കി. അവൻ അപേക്ഷിച്ചു,

> അതിന്നു അവൻ എന്നാൽ പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിൽ അയക്കേണം എന്നു ഞാൻ അപേക്ഷിക്കുന്നു, എനിക്കു അഞ്ചു സഹോദരന്മാർ ഉണ്ട്, അവരും ഈ യാതനാ സ്ഥലത്തു വരാതിരിപ്പാൻ അവൻ അവരോട് സാക്ഷ്യം പറയട്ടെ എന്നു പറഞ്ഞു (ലൂക്കൊസ് 16:27, 28).

അവന്റെ സഹോദരന്മാർ ന്യായ പ്രമാണം വായിക്കയും പ്രവാചകന്മാരെ കേൾക്കുകയും ചെയ്യട്ടെ എന്ന് അവനോട് പറഞ്ഞപ്പോൾ അവൻ വീണ്ടും അപേക്ഷിച്ചു, "അല്ലല്ല, അബ്രഹാം പിതാവേ, മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റു അവരുടെ അടുക്കൽ ചെന്നു എങ്കിൽ, അവർ മാനസാന്തരപ്പെടും എന്നു പറഞ്ഞു" (ലൂക്കൊസ് 16:30). അവൻ ആദ്യമായിട്ടാണോ "മാനസാന്തരം" എന്ന വാക്ക് ഉപയോഗിക്കുന്നത്? മരണം അവന്റെ ചിന്തയെ മാറ്റി താൽപര്യവും മാറ്റി! തന്റെ സഹോദരന്മാരുടെ ആവശ്യങ്ങൾ അവൻ അറിഞ്ഞു - രൂപാന്തരപ്പെടുത്തുന്ന മാനസാന്തരം!

ജീവിതത്തിലെ ഏറ്റവും വലിയ പ്രശ്നം മാനസ്സാന്തരമാണെന്ന് കാലവും നിത്യതയും നമ്മെ ബോധ്യപ്പെടുത്തും! ഇതു നമ്മെ ശക്തിയായി സ്പർശിക്കുന്നതു തിരിച്ചറിയുവാൻ മരണം വരെ കാത്തിരിക്കുന്നവരല്ലേ നാം. യേശു പറഞ്ഞു, "അല്ലല്ല, മാനസ്സാന്തരപ്പെടാഞ്ഞാൽ, നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും" (യോഹന്നാൻ 13:3, 5). അഥേനക്കാരോടു പൗലൊസ് പറയുമ്പോൾ മാനസ്സാന്തരം എന്ന കൽപനക്കുള്ള എല്ലാ ഒഴിവുകഴിവുകളും നീക്കം ചെയ്യുന്നു: "എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസ്സാന്തരപ്പെടേണമെന്നു മനുഷ്യരോടു കൽപിക്കുന്നു" (പ്രവൃത്തികൾ 17:30). ദൈവമുമ്പിലേക്കു മനുഷ്യർ രണ്ടു വഴികളിൽ ഏതെങ്കിലും ഒന്നിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു: ഒന്നുകിൽ മാനസാന്തര വഴി അല്ലെങ്കിൽ മത്സരവഴി. ഒരു കാരണം കൊണ്ടാണ് യേശു മടങ്ങി വരുവാൻ താമസിക്കുന്നത് – മനുഷ്യർക്കു മാനസാന്തരപ്പെടുവാൻ കൂടുതൽ സമയം നല്കുകയാണ്: "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല,

ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു" (2 പത്രൊസ് 3:9). മനുഷ്യൻ മാനസാന്തരപ്പെടുന്നോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലാണ് അവന്റെ അന്തിമ ലക്ഷ്യ സ്ഥാനം: "എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ട വർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാ ധികൾ എന്നിവർക്കും ഭോഷ്ക്ക് പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ, അതു രണ്ടാമത്തെ മരണം" (വെളിപ്പാട് 21:8).

പുതിയ നിയമ മാനസാന്തര വിളി സ്വീകരിച്ച ആളുകളാണ് സഭ. കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചവരും ദുഷ്ടത ഉപേ ക്ഷിച്ചരും ആണ് ക്രിസ്ത്യാനികൾ (2 തിമൊഥെയൊസ് 2:19). ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്തതുകൊണ്ട് അവർ ഇരു ട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ച് ദൈവ പുത്രന്റെ രാജ്യ ത്തിലാക്കി വെച്ചിരിക്കുന്നു (കൊലൊസ്യർ 1:13). അറിയായ്മ കൊണ്ട് അനുസരണക്കേടിൽ മുൻകാലത്തിലെ മോഹങ്ങൾ വെടിഞ്ഞ് അനുസരണമുള്ള ദൈവമക്കളായി, ജീവിക്കാൻ സമർപ്പിക്കപ്പെട്ടവരാണ് അവർ (1 പത്രൊസ് 1:14). അവർ വിളിച്ച വനെ പോലെ ആകുക എന്നതാണ് അവരുടെ ലക്ഷ്യം അവരുടെ പെരുമാറ്റത്തിലും മനോഭാവത്തിലും, എല്ലാം അവരുടെ കർത്താ വിന്റെ ഇഷ്ടത്തെ അനുകരിക്കുവാൻ ബദ്ധപ്പെടുന്നു: "ഞാൻ വിശുദ്ധനായിരിക്കകൊണ്ട്, നിങ്ങളും വിശുദ്ധരാകുവിൻ" (1 പത്രൊസ് 1:16).

അതു കൊണ്ട്, മാനസാന്തരം, എന്ന വാക്ക് ക്രിസ്ത്യാനിയാ കുവാൻ, കർത്താവിന്റെ സഭയിൽ അംഗം ആകുവാൻ മനോഭാ വവും ആകണം. സഭയുടെ സ്വഭാവവും സൂചനയും ഈ വാക്കിൽ അടങ്ങിയിരിക്കുന്നു. ദൈവം സഭ എന്നു വിളിക്കുന്ന ആളുകൾക്ക് മാനസാന്തരം ഒരു പദവിയാണ്: അനുതാപമുള്ള വരാണ് സഭ. യെരുശലേമിലെ, ക്രിസ്ത്യാനികളോട് പത്രൊസ് ജാതികൾ സ്നാനമേറ്റ വിവരം പറഞ്ഞപ്പോൾ, ആ യെഹൂദക്രി സ്ത്യാനികൾ പ്രതികരിച്ചു പറഞ്ഞു, "അങ്ങനെയെങ്കിൽ, ദൈവം ജാതികൾക്കും ജീവങ്കലേക്കുള്ള മാനസാന്തരം നൽകിയല്ലോ." (പ്രവൃത്തികൾ 11:18 നോക്കുക.) അവർക്ക് അതു വ്യക്തമായി, നമുക്കു അതു വ്യക്തമാകം, വാസ്തവത്തിലുള്ള മാനസാന്തര ത്തിൽ കൂടെ മാത്രമെ വാസ്തവത്തിലുള്ള ജീവിത വാതിൽ തുറ ക്കയുള്ളു.

എന്താണ് മാനസാന്തരം? കൂടുതൽ ചിത്രസമാനമായി അതിനെ നിർവ്വചിച്ച് അതിന്റെ അർത്ഥത്തിൽ തെറ്റു പറ്റാതെ നോക്കാം. അതു ചിത്രീകരിക്കുന്നതിനായി ശൗലിന്റെ പരിവർത്തന പശ്ചാത്തലം നമുക്ക് എടുക്കാം.

## പാപത്തിൽ നിന്നു തിരിയൽ

ആദ്യം, മാനസാന്തരം പാപത്തിൽ നിന്നുള്ള തിരിയലാണ്, ദുഷ്ടതയുടെ ദിശമാറ്റലാണ്.

മാനസാന്തരം എന്നതു വ്യക്തിപരമായ പുരോഗമനത്തിൽ കൂടുതലാണ്, ഒരാളുടെ ജീവിതത്തെ നിയന്ത്രിക്കുന്നതിനേക്കാൾ കൂടുതലാണ്. അതൊരു ആഴത്തിലുള്ള - പരിഹാരമാണ്, ദൈവത്തിനു അന്യമായതെല്ലാം ഉപേക്ഷിക്കുവാനുള്ള തീരുമാനമാണ്, ഈ പരിഹാരം മൊത്തത്തിലുള്ള മാറ്റത്തിനു കാരണമാകുന്നു അതിനെ യേശു പുതിയ ജനനം എന്നു വിളിക്കുന്നു (യോഹന്നാൻ 3:3).

*മാനസാന്തരം എന്നത് പാപത്തെക്കുറിച്ചുള്ള വെറും ദുഃഖമല്ല.* ഒരാൾ ചെയ്ത പാപത്തെക്കുറിച്ചു ദുഃഖിക്കുന്നത് ലജ്ജ കൊണ്ടോ പാപം കൊണ്ടുവരുന്ന ശിക്ഷകൊണ്ടോ ആകാം. യൂദ യേശുവിനെ ഒറ്റിക്കൊടുത്തതുകൊണ്ട് ദുഃഖിക്കയുണ്ടായി, എന്നാൽ മാനസാന്തരപ്പെട്ടില്ല (മത്തായി 27:3). പത്രൊസ്, ക്രിസ്തുവിനെ തള്ളിപ്പറഞ്ഞു (മത്തായി 26:34, 69–75), മാനസാന്തരപ്പെട്ടു; യൂദ ദുഃഖിക്കുക മാത്രമാണ് ചെയ്തത്. ഒരാൾക്ക് താൻ ചെയ്ത പാപം നിമിത്തം അതീവ ദുഃഖത്തിലാകാം, എങ്കിലും ഒരിക്കലും മാനസാന്തരപ്പെടാതെയും ഇരിക്കാം.

*ഒരാൾ പാപം ചെയ്തു പോയതിനെക്കുറിച്ചുള്ള ദുഃഖമല്ല, മാനസാന്തരം* പെന്തെക്കൊസ്തു നാളിൽ, അങ്ങനെ ശ്രമിച്ച യെഹൂദന്മാരുടെ പാപത്തെ പത്രൊസ് ചൂണ്ടിക്കാട്ടി. അവന്റെ പ്രസംഗം അവരുടെ ഹൃദയത്തിൽ ബോധ്യമായതുകൊണ്ട്, അവർ നിലവിളിച്ചു, “ഞങ്ങൾ എന്തു ചെയ്യേണ്ടു?” (പ്രവൃത്തികൾ 2:37). എങ്ങനെയായാലും, അവർക്കു ബോധ്യമായത് മാനസാന്തരമായി പത്രൊസ് കണ്ടില്ല; അവരുടെ ചോദ്യത്തിനു മറുപടിയായി, അവൻ പറഞ്ഞു, “നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട്, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം നിങ്ങൾക്കു ലഭിക്കും” (പ്രവൃത്തികൾ 2:38).

*മാനസാന്തരം വെറും ദൈവഹിതപ്രകാരമുള്ള ദുഃഖം മാത്ര*

*മല്ല.* ദൈവഹിത പ്രകാരമുള്ള ദുഃഖം മാനസാന്തരത്തെ ഉളവാക്കുന്നു, പൗലൊസ് പറയുന്നത്:

> ദൈവഹിത പ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷക്കായി ഉളവാക്കുന്നു, ലോകത്തിന്റെ ദുഖമോ മരണത്തെ ഉളവാക്കുന്നു (2 കൊരിന്ത്യര 7:10).

മാനസാന്തര നടപടിയുടെ ഭാഗമാണ് ദൈവഹിതപ്രകാരമുള്ള ദുഃഖം മാത്രമല്ല. പക്ഷെ അതു മാനസാന്തരമല്ല.

*ജീവിത നവീകരണമായി പോലും നിർവ്വചിക്കുന്നതല്ല മാനസാന്തരം.* മറിച്ചു, അതു ജീവിതനവീകരണം ഉണ്ടാക്കുന്നതാണ്. മാനസാന്തരം ജീവിതമാറ്റത്തിനു സ്വാധീനിക്കുന്നില്ലെങ്കിൽ, അതു വാസ്തവത്തിലുള്ള മാനസാന്തരമല്ല; നവീകരിക്കപ്പെട്ട ജീവിതം അതിൽ തന്നെ മാനസാന്തരമാകുന്നില്ല. തന്റെ അടുക്കൽ വന്ന ആളുകളോട് യോഹന്നാൻ സ്നാപകൻ അപേക്ഷിച്ചു, "ആകയാൽ മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ" (മത്തായി 3:8). വാസ്തവത്തിലുള്ള മാനസാന്തരത്തിനു മാനസാന്തര ഫലമായി, ഒരു ജീവിതമാറ്റം ഉണ്ടാവും.

മാനസാന്തരം, പാപത്തെ സംബന്ധിച്ചുള്ള ഇഷ്ടത്തിൽ നിന്നു ഒരാൾ നിശ്ചയ ദാർഢ്യത്തോടെ മാറുന്നതാണ്. അതിൽ ബുദ്ധി, വികാരവും മനസാക്ഷിയും ഉൾപ്പെടുന്നു. മനുഷ്യവ്യക്തിത്വത്തിൽ വ്യാപകമായിരിക്കുന്ന അവസ്ഥാ മാർഗ്ഗം അയാൾ ഉപേക്ഷിക്കുകയാണ്. സ്നാനത്തിൽ, ഒരാൾ തന്റെപാപത്തിനായുള്ള ആത്മിയ മരണത്തിനു വേണ്ടി, സ്നാനമേൽക്കണം പഴയ മനുഷ്യനെ, ക്രൂശിൽ തറച്ചു പാപശരീരത്തെ അങ്ങനെ നശിപ്പിക്കാം (റോമർ 6:6).

മാനസാന്തരത്തിന്റെ ഈ അർത്ഥം ശൗലിന്റെ പരിവർത്തനത്തിൽ കാണാം. എബ്രായനിൽ നിന്നു ജനിച്ച എബ്രായനും, പരീശനുമായിരുന്നു തർസൊസുകാരനായ ശൗൽ (ഫിലിപ്പിയർ 3:5) മോശയുടെ ന്യായപ്രമാണം സംബന്ധിച്ച്, ഞാൻ കുറ്റമില്ലാത്തവനാണെന്ന് (ഫിലിപ്പിയർ 3:6). മറ്റൊരർത്ഥത്തിൽ, അവൻ ന്യായപ്രമാണത്തിലായിരുന്നതുകൊണ്ട് നിയമ പ്രകാരം അവനെതിരെ കുറ്റം ആരോപിക്കാൻ കഴിഞ്ഞിരുന്നില്ല. ഒരു പരീശൻ ആയതുകൊണ്ട് - യെഹൂദമതത്തിലെ നിലവാരമുള്ള - ശൗൽ വിചാരിച്ചത് യേശു യെഹൂദ മതത്തെ ഇല്ലാതാക്കാൻ വന്ന കപടവേഷധാരിയാണെന്നായിരുന്നു. അതുകൊണ്ട് ഈ യേശുവിനെ അമർഷം പൂണ്ട് എതിർത്ത് അടിപ്പിക്കു

വാൻ ഉപദ്രവം തൊടുത്തു വിട്ടു. യേശുവിനെ അനുഗമിക്കുന്ന തായി കണ്ട ആരെയും, അവൻ ശത്രുവായി പരിഗണിക്കാൻ തുട ങ്ങി. മനസ്സലിവില്ലാതെ തന്റെ ഊർജ്ജം, ഉറച്ച തീരുമാനത്തോ ടെ, ക്രിസ്തുവിന്റെ സഭയെ ഇല്ലാതാക്കുവാൻ അവൻ ശ്രമം തുട ങ്ങി.

അവൻ സഭയിൽ ഉപദ്രവം തൊടുത്തു വിട്ട്, മഹാപുരോഹി തന്റെ പിന്തുണ ആവശ്യപ്പെട്ടു (പ്രവൃത്തികൾ 9:1, 2). താൻ ആഗ്ര ഹിച്ച അധികാരം കിട്ടിയപ്പോൾ, തന്റെ പദ്ധതി നടപ്പാക്കാൻ അവൻ ദമസ്ക്കൊസിലേക്കു പോയി. അവൻ ദമസ്ക്കൊസിലേക്കു പോകുമ്പോൾ, നട്ടുച്ച സമയത്ത് സൂര്യപ്രകാശത്തേക്കാൾ വലിയ പ്രകാശം അവനു ചുറ്റും മിന്നി കർത്താവായ യേശു അവന്നു പ്രത്യക്ഷനായി, ശൗൽ നിലത്തു വീണു. തന്നോടു സംസാരിക്കു ന്നവൻ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന് അവന്നു ഉറച്ച ബോധ്യമായപ്പോൾ, പാപബോധത്തോടും അവൻ ചോദി ച്ചു, “ഞാൻ എന്തു ചെയ്യേണ്ടു?” (പ്രവൃത്തികൾ 22:10). അവൻ എന്തു ചെയ്യണമെന്നറിയുവാൻ, അവനോട് ദമസ്ക്കൊസിലേക്കു പോകുവാൻ ആവശ്യപ്പെട്ടു (പ്രവൃത്തികൾ 9:6). അവൻ അവിടെ എത്തിയപ്പോൾ, അവൻ എന്തു ചെയ്യണമെന്നു അനന്യാസ് പറ യുവാൻ അവൻ മൂന്നു ദിവസം പ്രാർത്ഥനയും ഉപവാസവുമായി കഴിയേണ്ടി വന്നു.

ശൗൽ മാനസാന്തരപ്പെട്ടു. അവൻ തന്റെ ജീവിത വഴിമാറ്റുവാൻ ദൃഢ നിശ്ചയത്തോടെ തീരുമാനിച്ചു. അവന്റെ ജീവിതം യെഹൂദമ തത്തിനും ക്രിസ്തുവിന്റെ സഭയെ ഉപദ്രവിക്കുന്നതിനുമായി സമർപ്പിച്ചിരുന്നു; അവൻ ദമസ്ക്കൊസിലേക്കുള്ള വഴിയിൽ വെച്ചു, മാനസാന്തരപ്പെട്ടപ്പോൾ അവന്റെ ജീവിതത്തിന്റെ ദിശ പൂർണ്ണമായും മാറി. അവൻ തന്റെ പഴയ ജീവിതത്തിൽ നിന്നു തിരിഞ്ഞു തന്റെ ഇഷ്ടത്തെ വിപ്ലവാത്മകമായി മാറ്റി തന്റെ വ്യക്തിത്വത്തെ മുഴുവൻ അതു ബാധിച്ചു - ബുദ്ധിയും, വികാരവും, മനസാക്ഷിയും. പിന്നീട്, അവൻ പറഞ്ഞു, “എങ്കിലും എനിക്കു ലാഭമായിരുന്നത് ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു” (ഫിലിപ്പിയർ 3:7).

ശൗലിനെ പോലെ, ക്രിസ്ത്യാനികൾ, പാപത്തിൽ നിന്നു തിരിഞ്ഞ ജനമാണ്. എല്ലാ ദുഷ്ടതയെയും ഉപേക്ഷിച്ച ജീവിത ശൈലിയുള്ളവരാണ് ദൈവത്തിന്റെ ജനം (1 തെസ്സലൊനിക്യർ 5:22), ലോകത്തിന് അനുരൂപപ്പെടാതെ (റോമർ 12:2). തിന്മയെ

നന്മകൊണ്ട് അതി ജീവിക്കയും (റോമർ 12:21), അവർക്കെതിരെ ഉന്നയിക്കുന്ന ഏതു തെറ്റായ ആരോപണങ്ങളെയും, നിശബ്ദമായി ഉത്തമ സ്വഭാവത്താൽ നേരിടുന്നു (1 പത്രൊസ് 2:12).

### പാപത്തിൽ നിന്നും ക്രിസ്തുവിലേക്കു തിരിയൽ

രണ്ട്, മാനസാന്തരം ക്രിസ്തുവിലേക്കുള്ള തിരിയലാണ്. അതുതിന്മയോടുള്ള വെറും നിഷേധ പ്രതികരണമല്ല; അതു ക്രിസ്തുവിനോടുള്ള ക്രിയാത്മക പ്രതികരണം കൂടെയാണ്.

"വിഗ്രഹങ്ങളെ വിട്ടു ജീവനുള്ള ദൈവത്തിലേക്കു തിരിഞ്ഞ്" (1 തെസ്സലൊനിക്യർ 1:9) മാനസാന്തരപ്പെട്ട തെസ്സലൊനിക്യരെ പൗലൊസ് അഭിനന്ദിക്കുന്നുണ്ട്. ഒരാൾ പാപത്തിൽ നിന്നു വിട്ടു ദൈവത്തിലേക്കു തിരിയുന്നില്ലെങ്കിൽ, പുതിയ നിയമം പറയുന്ന തുപോലെ അയാൾ മാനസാന്തരപ്പെട്ടിട്ടില്ല.

പുതിയ നിയമ പ്രസംഗങ്ങളിൽ ക്രിസ്തുവിനെ ഉയർത്തി കൊണ്ടുള്ള ഊന്നൽ കൊടുക്കുന്നതാണ്. എല്ലാ ദൈവശ്വാസിയ പ്രസംഗകരും ചെയ്തതിനുദാഹരണമാണ് ശമര്യയിൽ ഫിലി പ്പൊസ് പ്രസംഗിച്ചത് ലൂക്കൊസ് വിവരിച്ചിരിക്കുന്നത്: "ഫിലി പ്പൊസ് ശമര്യ പട്ടണത്തിൽ ചെന്നു അവരോടു ക്രിസ്തുവിനെ പ്രസംഗിച്ചു" (പ്രവൃത്തികൾ 8:5) ഇത്തരം പ്രസംഗത്തോട് ആളു കൾ പ്രതികരിച്ചപ്പോൾ, അവർ സുവിശേഷം കൈക്കൊണ്ട് പാപത്തെ വിട്ട് ക്രിസ്തുവിനെ സ്വീകരിച്ചു. എഫെസൊസിനെ പൗലൊസിന്റെ പ്രസംഗശേഷം, രണ്ടു ഭാഗത്തു മാനസാന്തര ത്തിന്റെ തെളിവുണ്ട്. ലൂക്കൊസ് പറഞ്ഞു,

> ഇതു എഫെസൊസിൽ പാർക്കുന്ന സകല യെഹൂദന്മാരും യവനന്മാരും അറിഞ്ഞു. അവർക്കു ഒക്കെയും ഭയം തട്ടി, കർത്താവായ യേശുവിന്റെ നാമം മഹിമപ്പെട്ടു, വിശ്വസിച്ച വരിൽ അനേകരും വന്നു തങ്ങളുടെ പ്രവൃത്തികളെ ഏറ്റു പറഞ്ഞു അറിയിച്ചു. ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങളെ കൊണ്ടു വന്നു എല്ലാവരും കാൺകെ ചുട്ടു കളഞ്ഞു (പ്രവൃത്തികൾ 19:17–19).

മാനസാന്തരപ്പെട്ട എഫെസ്യർ തങ്ങളുടെ പാപ പരിശീലനങ്ങളെ ഉപേക്ഷിച്ചു ക്രിസ്തുവിനെ മുറുകെ പിടിച്ചു.

ശൗലിന്റെ മാനസാന്തരം പാപത്തിൽ നിന്നു വിട്ടു

ക്രിസ്തുവിലേക്കു തിരിയുന്നതായിരുന്നു. അവൻ മോശെയുടെ ന്യായപ്രമാണം അനുസരിച്ചു, ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ ദമസ്ക്കൊസിലേക്കു പോകുകയായിരുന്നു. അവൻ ധാർമ്മികവും ആചാരപരവുമായ ഒന്നിലും കുറ്റമില്ലാത്തവൻ ആയിരുന്നു. ഒരു തരത്തിലും അവൻ ദുഷ്ടനായ, മുടിയനായ പുത്രനെ പോലെ ആയിരുന്നില്ല. അതുകൊണ്ട്, അവന്റെ മാനസാന്തരം, തന്റെ മുഖ്യ താൽപര്യമായ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനെ സ്വാധീനിച്ചില്ല. ബാല്യം മുതൽ അവൻ ന്യായപ്രമാണം വിശ്വസ്തതയോടെ അനുസരിച്ചു പോരുകയായിരുന്നു എങ്കിലും അവൻ ക്രിസ്ത്യാനികളെ ഉപദ്രവിച്ചതു ഭയങ്കര പാപമായിരുന്നു. തൽഫലമായി, ദൈവസന്നിധിയിൽ അവൻ മാനസാന്തരപ്പെട്ടപ്പോൾ തന്റെ മുൻപുള്ള വിശ്വാസമായ ക്രിസ്തുവിനെ തള്ളിക്കളഞ്ഞ് ക്രിസ്ത്യാനികളെ ഉപദ്രവിച്ചതെല്ലാം അവൻ ഉപേക്ഷിച്ചു. അതിനു ക്രിസ്തുവിലേക്കു തിരിയേണ്ടതു ആവശ്യമായിരുന്നു, യേശുവിനെ കർത്താവായി അംഗീകരിക്കയും അവന്റെ ഇഷ്ടത്തിന് കീഴ്പ്പെടുകയും വേണമായിരുന്നു.

ഫിലിപ്പിയർ 3:8-11 വേഗഭാഗത്ത് തന്റെ മാനസാന്തരത്തെ പൗലൊസ് വിവരിക്കുന്നുണ്ട്:

> ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്ന് എണ്ണുന്നു. ഞാൻ ക്രിസ്തുവിനെ നേടേണ്ടതിന്നും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്കു നൽകുന്ന നീതി തന്നെ ലഭിച്ചു അവനിൽ ഇരിക്കേണ്ടതിന്നും അവന്റെ മരണത്തോട്; അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയേണ്ടതിന്നും എല്ലാം ഉപേക്ഷിച്ച് ചവറ് എന്നെണ്ണുന്നു.

ആകയാൽ, ശൗൽ പാപത്തിൽ നിന്നും ക്രിസ്തുവിലേക്കു തിരിഞ്ഞു. അവങ്കലേക്കുള്ള മാനസാന്തരം നിഷേധവും ക്രിയാത്മകവും ഉൾപ്പെടുന്ന, തന്റെ കഴിഞ്ഞ കാല ജീവിത വഴിയിൽ നിന്നു പുതിയതും ശ്രേഷ്ഠവുമായ ക്രിസ്തുവിന്റെ വഴി എന്ന ജീവിതത്തിലേക്ക് തിരിയണം. ക്രിസ്തുവിലേക്കുള്ള മാനസാന്തരം ക്രിസ്തുവിൽ

ശ്രേഷ്ഠ വഴി വാഗ്ദാനം ചെയ്യുന്നു.

ക്രിസ്തുവിന്റെ ശരീരമായ, സഭയിലുള്ളവർ പശ്ചാത്തപിച്ച് ക്രിസ്തുവിന്നു കീഴ്പ്പെട്ടിരിക്കുന്നവരാണ്. അതിലെ അംഗങ്ങൾ ഒന്നായി തീർന്നവർ ആണ്. മാനസാന്തരം മുഖാന്തരം, ക്രിസ്ത്യാനി വിശുദ്ധിയും നീതിയും ഉള്ള ജീവിതം നയിക്കുന്ന വരാണ്. അയാൾ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെടുകയും, മാനസാന്തരഫലമായുള്ള അയാളുടെ പുതിയ ജീവിതത്തിൽ, ദൈവപുത്രനിലുള്ള വിശ്വാസത്താലാണ് ജീവിക്കുന്നത് (ഗലാത്യർ 2:20). പശ്ചാത്താപമുണ്ടായ ദൈവജനം, ക്രിസ്തുവിന്റെ നാമം എടുത്തു ക്രിസ്ത്യാനികളായി, അവർ ക്രിസ്തുവിനോടു കൂടെ ജീവിച്ചു, ക്രിസ്തുവിനെ ഉയർത്തി ആരാധിച്ച് മരിച്ച ശേഷമോ അല്ലെങ്കിൽ മുൻപോ കർത്താവു വീണ്ടും വരുമെന്ന പ്രതീക്ഷ യോടെ നീതി പൂർവ്വമായി ജീവിക്കുന്നു.

## പാപത്തിൽ നിന്നും ജീവന്നായി ക്രിസ്തുവിലേക്കു തിരിയുന്നു

മൂന്ന്, മാനസാന്തരം എന്നത് പാപത്തിൽ നിന്നും ജീവനായി ക്രിസ്തുവിലേക്കു തിരിയുന്നതാണ്. യേശു ആളുകളെ വിളിക്കുന്നതു മതപരമായ ഒഴിവുകാലത്തിനു വേണ്ടിയോ, ദുഷ്ടതയിൽ നിന്നുള്ള ചുരുങ്ങിയ വിശ്രമത്തിനോ വേണ്ടിയല്ല. അവൻ ആവശ്യപ്പെടുന്നത് പൂർണ്ണമായ കീഴ്പ്പെടലാണ്, അതിനെ അവൻ പറഞ്ഞിരിക്കുന്നതു ഉയ രത്തിൽ നിന്നുള്ള, വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനം എന്നാണ് (യോഹന്നാൻ 3:5). അതുകൊണ്ട് വേഗത്തിൽ ഉള്ളതും നീണ്ടു നിൽക്കുന്നതും ആയ ഈ രൂപാന്തരത്തെ പൗലൊസ് ആത്മിയ പരിച്ഛേദനയായി താരതമ്യം ചെയ്യുന്നു, ദൈവ പ്രവൃത്തിയാൽ ജഡ ശരീരത്തെ പൂർണ്ണമായി നീക്കുന്നു:

> അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡ ശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നെ കൈ കൊണ്ട ല്ലാത്ത പരിച്ഛേദനയും ലഭിച്ചു (കൊലൊസ്യർ 2:11).

പരിവർത്തനം എന്നാൽ പഴയമനുഷ്യനെ ത്യജിച്ച് പുതിയ മനുഷ്യനെ സ്വീകരിക്കുന്നതാണ്. അതു പഴയ, മുഷിഞ്ഞ്, കീറി പ്പറിഞ്ഞ വസ്ത്രങ്ങളെ വീണ്ടും ഒരിക്കലും എടുക്കാതെ ഉപേ ക്ഷിക്കുന്നതുപോലെയാണ് (എഫെസ്യർ 4:24; കൊലൊസ്യർ 3:10). നാം ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെടുമ്പോൾ

നമ്മുടെ ജീവിതത്തെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും ജീവനിലേക്കു ദൈവം ഉയർത്തുകയാണ് (കൊലൊസ്യർ 2:13).

മാനസാന്തരത്തിൽ തുടർന്നുള്ള സമർപ്പണം അടങ്ങുന്നു. നമ്മുടെ ദൈവത്തോടുള്ള പ്രതികരണത്തിൽ, ശരീരത്തിന്റെ പ്രവൃത്തികളെ നാം മരിപ്പിക്കണം. അതുകൊണ്ട് ക്രിസ്ത്യാനികളായ നമ്മുടെ പഴയ ഒരു പ്രവൃത്തി വീണ്ടും നമ്മിൽ വരാതെ സൂക്ഷിക്കുക എന്നതാണ്. പൗലൊസ് പറഞ്ഞു, "ആകയാൽ ദുർന്നടപ്പ്, അശുദ്ധി അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ" (കൊലൊസ്യർ 3:5) അവൻ തുടർന്നു പറയുന്നു,

> ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽ നിന്നു വരുന്ന ഭൂഷണം ഇവ ഒക്കെയും വിട്ടുകൊൾവിൻ: അന്യോന്യം ഭോഷ്കു പറയരുത്, നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞു കളക (കൊലൊസ്യർ 3:8, 9).

ഒരു സമയത്ത് വിട്ടു കളയുന്നതിനെക്കുറിച്ചു, ഒരു മരിപ്പിക്കൽ സമയം, പിന്നെ തുടർച്ചയായി ഉപേക്ഷിച്ചു കൊണ്ടിരിക്കയിൽ തുടർച്ചയായ മാനസാന്തരം ഉണ്ടാകണം.

ശൗലിന്റെ പരിവർത്തനത്തേക്കാൾ കൂടുതൽ മാനസാന്തരം മനസിലാക്കുവാൻ പറ്റിയ ഏത് ചിത്രീകരണത്തിലേക്കാണ് നമുക്കു പോകാൻ പറ്റുക? ആരോ പറഞ്ഞു, "ഒരാൾ മുഴുവനായും ദൈവത്തോട് പരിവർത്തനം ചെയ്യപ്പെട്ടാൽ ദൈവം അയാളിൽ എന്തു ചെയ്യുമെന്ന് നമുക്ക് കാണാൻ കഴിഞ്ഞിട്ടില്ല." മറ്റൊന്നുമില്ലെങ്കിൽ, നമുക്കു ശൗലിന്റെ ജീവിതത്തോട് അടുത്തു ചെല്ലാം ശൗലിന്റെ പരിവർത്തന ശേഷമുള്ള ഫലം രണ്ടായിരം വർഷങ്ങൾ അനുഭവിച്ചു വരുന്നു. ക്രിസ്തുവിനെ അനുഗമിക്കുവാനുള്ള അവന്റ തീരുമാനം അന്തിമവും തിരിച്ചു പോകാത്തതുമായിരുന്നു. അവൻ തന്റെ ജീവിതം ക്രിസ്തുവിനോടു കൂടി നന്മയും ശുശ്രൂഷയും ചെയ്യുവാൻ ക്രൂശിന്റെ കാൽക്കൽ വെച്ചു.

മഹാനായ അലെക്സാണ്ടർ ചക്രവർത്തി ഒരു യുദ്ധത്തിനായി കടൽക്കരയിലെത്തി, കപ്പലിൽ നിന്നു എല്ലാവരേയും ഒഴിപ്പിച്ച ശേഷം കപ്പലിന്നു തീ കൊടുത്തു. തിരിച്ചുവരവിനുള്ള സാദ്ധ്യത അലക്സാണ്ടർ പരിഗണിച്ചേയില്ല. അവനോ അവന്റെ ആളുകളോ

മടങ്ങിപ്പോകുവാൻ ആഗ്രഹിച്ചില്ല. അവർക്കു ഭാവി മുൻപോട്ടായിരുന്നു, പുറകോട്ടായിരുന്നില്ല. അതുപോലെയായിരുന്നു ശൗലും. മടങ്ങിപ്പോകുവാനുള്ള യാതൊരു സാദ്ധ്യതയും അവന്റെ ഉള്ളിൽ ഇല്ലായിരുന്നു.

ദൈവജനമായ, സഭ, ഒരു അർപ്പണം നടത്തി - ശക്തമായ ഒരു രൂപാന്തരം, മരണത്തിൽ നിന്നു ജീവങ്കലേക്ക് (1 യോഹന്നാൻ 3:14). ജീവന്നായി അവർ ക്രിസ്തുവിൽ പുതിയ മനുഷ്യനെ ധരിച്ചു. ഇതു സംഭവിച്ചത് അവർ ക്രിസ്തുവിനോട് പരിവർത്തനം ചെയ്യപ്പെട്ടപ്പോഴാണ്, എന്നാൽ ഹൃദയ ശുദ്ധീകരണം അവർക്ക് തുടർച്ചയായ കടപ്പാടായിരുന്നു (റോമർ 6:2). പഴയ മനുഷ്യനെ മരിപ്പിച്ചു, ഉയിർത്തെഴുന്നേൽപിനു അവസരം ഉണ്ടായാൽ മടങ്ങി വരാൻ ശ്രമിക്കും (6:12, 13). ക്രിസ്ത്യാനികൾ ജ്ഞാനികളായി നടക്കണം, ബുദ്ധിഹീനരാകരുത് (എഫെസ്യർ 5:17). അവർ ഇരുട്ടിന്റെ പ്രവൃത്തികൾക്കു കൂട്ടാളികൾ ആകരുത്, മറിച്ച് അവയെ വിട്ടുകളയണം (എഫെസ്യർ 5:11). അവൻ മരിച്ച് അവന്റെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു (കൊലൊസ്യർ 3:3). ക്രിസ്ത്യാനി തന്നെ ദൈവത്തിനു ഏല്പിച്ചുകൊടുത്ത് മരിച്ചവരിൽ നിന്ന് ജീവിച്ച് അവന്റെ ശരീരം നീതിക്കു സമർപ്പിക്കപ്പെട്ടവനാണ് (റോമർ 6:13).

## ഉപസംഹാരം

ദൈവത്തിനു കണക്കു കൊടുക്കേണ്ട ഓരോരുത്തരും മാനസാന്തരപ്പെടുകയും മാനസാന്തരം ആവശ്യപ്പെടുന്ന നിലയിൽ ജീവിക്കയും ചെയ്യും. മാനസാന്തരം എന്നതു സ്വന്തം ഇഷ്ടത്തെ തുടച്ചു മാറ്റി, പാപത്തിൽ നിന്നു വിട്ടു ജീവന്നായി ക്രിസ്തുവിലേക്കു തിരിയുന്നതാണ്. പാപത്തെക്കുറിച്ച് ബോധം വന്നിട്ടുണ്ടാകുന്നതാണ് അത്, ദൈവഹിത പ്രകാരമുള്ള ദുഃഖവും ദൈവത്തിന്റെ നന്മയും. അതു രൂപാന്തരത്തിലേക്കു വരുത്തി ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്ന ജീവനിൽ പ്രവേശിക്കയും ചെയ്യുന്നു.

പുതിയ സൃഷ്ടികളുടെ സമൂഹമാണ് സഭ. അവർ പൂർണ്ണരല്ല, എന്നാൽ അവർ വിശുദ്ധി, ദൈവഭക്തി നീതി എന്നിവയെ പിന്തുടരും അവർ ആയുഷ്ക്കാലം മുഴുവൻ കർത്താവിന്റെ വേലക്കായി സമർപ്പിക്കപ്പെട്ട മാനപാത്രങ്ങളാകും.

മാനസാന്തരത്തിന് എളുപ്പത്തിൽ മനസിലാക്കാവുന്ന മൂന്നു പ്രത്യേകതകൾ തിരുവെഴുത്തിൽ ഉണ്ട്. ഒന്ന്, ദൈവത്തിന്റെ നന്മ

യാണ് നമ്മെ മാനസാന്തരത്തിലേക്കു നയിക്കുന്നതെന്ന് പൗലൊസ് പറയുന്നു: "അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?" (റോമർ 2:4). രണ്ട്, പത്രൊസ് പ്രതിഫല വാഗ്ദാനത്തെ പറയുന്നുണ്ട്: "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ, എന്നാൽ കർത്താവിന്റെ സമ്മുഖത്തു നിന്നു ആശ്വാസ കാലങ്ങൾ വരികയും ചെയ്യും" (പ്രവൃത്തികൾ 3:19). മൂന്ന്, യോഹന്നാൻ ശിക്ഷയുടെ ഭയത്തെ സൂചിപ്പിക്കുന്നുണ്ട്:

> ആ കാലത്തു യോഹന്നാൻ സ്നാപകൻ വന്നു, യെഹൂദ്യ മരുഭൂമിയിൽ പ്രസംഗിച്ചു, പറഞ്ഞു, "സ്വർഗ്ഗ രാജ്യം സമീപിച്ചിരിക്കയാൽ, മാനസാന്തരപ്പെടുവിൻ ... ഇപ്പോൾ തന്നേ വൃക്ഷങ്ങളുടെ ചുവട്ടിന്നു കോടാലി വെച്ചിരിക്കുന്നു; നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു" (മത്തായി 3:1-10).

ദൈവത്തെ പ്രസാദിപ്പിക്കുവാൻ മാനസാന്തരം മാത്രം പോരാ, എന്നാൽ മാനസാന്തരം നമ്മിൽ കീഴ്പ്പെടാനുള്ള മനോഭാവം ഉണ്ടാകുന്നു. അത്തരം ആത്മാവ്, ക്രിസ്തുവിൽ ആയിതീരുവാൻ ദൈവം ആവശ്യപ്പെടുന്ന എല്ലാ കല്പനകളും അനുസരിക്കുവാൻ നമ്മെ നിർബന്ധിക്കുന്നു. അതു ഒരാളുടെ ജീവിതത്തെ ദൈവേഷ്ടത്തിനായി മാറ്റുന്നു.

നമ്മുടെ രക്ഷിതാവിന്റെ അവസാന വാക്കുകൾ മഹത്തായ ആജ്ഞ അല്ലെന്നും ആസ്യയിലെ ഏഴ് സഭകളോട് മനസാന്തരപ്പെടുവാൻ പറഞ്ഞതാണെന്നും പറയപ്പെടുന്നുണ്ട് (വെളിപ്പാട് 1-3). ദൈവത്തിന്റെ പശ്ചാത്താപ ജനമായി അവന്റെ ശരീരത്തിലാകുവാൻ നിങ്ങൾമാനസാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾക്കു വലിയ ആവശ്യമില്ല. നിങ്ങൾ ഒരു ക്രിസ്ത്യാനി ആണെങ്കിൽ, ക്രിസ്തുവിൽ പുതിയ മനുഷ്യനായി ജീവിക്കുന്നത് നിങ്ങൾ അർപ്പിച്ച ജീവിതം പരമോന്നത കടപ്പാടാണ്.

## പഠനചോദ്യങ്ങൾ

*(അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ)*

1. മരണം, ധനവാന്റെ ചിന്തയെ മാറ്റിയതെങ്ങനെ?
2. ക്രിസ്ത്യാനി ആകുവാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും "മാനസാന്തരം" എന്തുകൊണ്ട് മൂലക്കല്ലും വാക്കും മുഖ്യ മനോഭാവവും ആകുന്നു?
3. പാപം ചെയ്തയാൾക്കു അതിനെക്കുറിച്ചുണ്ടാകുന്ന ദുഃഖത്തേക്കാൾ മാനസാന്തരം അധികമാകുന്നതെന്തുകൊണ്ടാണ്?
4. വെറും ദൈവഹിത പ്രകാരമുള്ള ദുഃഖം മാത്രമല്ല മാനസാന്തരം. വിവരിക്കുക?
5. ശൗലിന്റെ പരിവർത്തനത്തിൽ എങ്ങനെ മാനസാന്തരം കാണാം?
6. എന്തുകൊണ്ട് പൗലൊസ് തെസ്സലൊനിക്യരെ പ്രശംസിച്ചു?
7. പാപങ്ങളെ ഏറ്റു പറയുന്നതിനേക്കാൾ മാനസാന്തരം അധികമാകുന്നത് എങ്ങനെ?
8. മാനസാന്തരത്തിന് തിരുവെഴുത്തിലെ മൂന്നു പ്രത്യേകതകൾ ഏവ?

## തുടർന്നുള്ള ബൈബിൾ പഠനത്തിനുള്ള സഹായി

**ആരാണ് മാനസാന്തരപ്പെടേണ്ടത്?** – 2 പത്രൊസ് 3:9; പ്രവൃത്തികൾ 17:30, 31; ലൂക്കൊസ് 13:3.

**മാനസാന്തരത്തിന്റെ പുതിയ നിയമ മാതൃകകൾ** – മുടിയനായ പുത്രൻ (ലൂക്കൊസ് 15:11–24); സക്കായി (ലൂക്കൊസ് 19:2–8).

**മാനസാന്തര വില** – മത്തായി 10:34–39; ലൂക്കൊസ് 12:51–53.

**പരിവർത്തന മാതൃകകൾ** – പ്രവൃത്തികൾ 2:36–47; 8:5, 6, 12, 18–22, 26–39; 9:1–18; 10:1–48, 16:13–15, 25–34; 19:1–5.

**ക്രിസ്തീയ സ്വാധീനം** – മത്തായി 5:13–16; 1 കൊരിന്ത്യർ 15:33.

**എല്ലാവർക്കും വേണ്ടിയാണ് യേശു രക്തം ചിന്തിയതു** – രക്തം നൽകുന്നതു അനുസരിക്കുന്നവർക്കാണ് (എബ്രായർ 9:11–14); കാളകളുടേയും ആട്ടു കൊറ്റന്മാരുടേയും രക്തത്തിനു പാപങ്ങളെ മോചിപ്പിക്കുവാൻ കഴിയു കയില്ല (എബ്രായർ 10:4). അവന്റെ രക്തമാണ് നമ്മെ വീണ്ടെടുത്തത് (1 പത്രൊസ് 1:18, 19); എല്ലാവർക്കും വേണ്ടിയാണ് യേശു മരണം ആസ്വദിച്ചത് (എബ്രായർ 2:9).

**ക്രൂശിൽ നോക്കുമ്പോൾ നാം പഠിക്കുന്നത്** – നമുക്കു ഒരു രക്ഷകൻ ആവശ്യമാണ് (റോമർ 3:23; 5:12), എത്രമാത്രം ദൈവം നമ്മെ സ്നേഹിക്കുന്നു (യോഹന്നാൻ 3:16); പാപികളാണെങ്കിലും ക്രിസ്തു ആളുകളെ സ്നേഹിക്കുന്നു (റോമർ 5:8, 9) രക്ഷ ദൈവത്തിൽ നിന്നു ദാനമായി കിട്ടുന്നു (എഫെസ്യർ 2:8–10).

**സ്നാനം മുഖാന്തരം നാം അവന്റെ രക്തത്തോട് ബന്ധപ്പെടുമ്പോൾ യേശുവിന്റെ ക്രൂശിലെ മരണം നമ്മെ രക്ഷിക്കുന്നു** – നാം സ്നാനത്തിൽ അവനോടു കൂടെ കുഴിച്ചിടപ്പെടുന്നു (റോമർ 6:3, 4), സ്നാനം നമ്മെ രക്ഷിക്കുന്നു (1 പത്രൊസ് 3:21).

## സുവിശേഷം അനുസരിച്ച ശേഷം നിങ്ങൾക്ക് എങ്ങനെ ഒരു ക്രിസ്ത്യാനിയായി ജീവിക്കാം?

1. *ആത്മീയ വളർച്ചക്ക് വലിയൊരു സമർപ്പണം നടത്തുക.* വളരുവാൻ എല്ലാ ശ്രമവും നടത്തുക (2 പത്രൊസ് 1:1–10). വളരുവാൻ പദ്ധതി തയ്യാറാക്കുക (ഫിലിപ്പിയർ 3:7–15).
2. *ബൈബിൾ വായിക്കുക.* ദൈവവചനം ശരിയായി കൈകാര്യം ചെയ്യുക (2 തിമൊഥെയൊസ് 2:15) പരിജ്ഞാനത്തിൽ വളരുക (2 പത്രൊസ് 3:18). ദിവസവും ബൈബിൾ പഠിക്കുക (പ്രവൃത്തികൾ 17:11). താഴ്മയോടെ വചനം കൈക്കൊണ്ട് അനുസരിക്കുക (യാക്കൊബ് 1:21–28)
3. *നിങ്ങളുടെ ജീവിതത്തോട് ക്രിസ്തീയ കൃപകൾ കൂട്ടിച്ചേർക്കുക.* വിശ്വാസം, വീര്യം, പരിജ്ഞാനം, ഇന്ദ്രിയജയം, സ്ഥിരത, ഭക്തി, സഹോദരപ്രീതി, സ്നേഹം എന്നിവ കൂട്ടിച്ചേർക്കുക (2 പത്രൊസ് 1:5–7).
4. *നിരന്തരമായി പ്രാർത്ഥിക്കുക.* ജ്ഞാനത്തിനു വേണ്ടി പ്രാർത്ഥിക്കുക (യാക്കൊബ് 1:5, 6) ഇടവിടാതെ പ്രാർത്ഥിക്കുക (1 തെസ്സലൊനിക്യർ 5:17).
5. *(സാദ്ധ്യമെങ്കിൽ, മറ്റു ക്രിസ്ത്യാനികളുമൊത്ത്) ആരാധിക്കുക.* സഭായോഗം മുടക്കരുത് (എബ്രായർ 10:25). നിങ്ങളുടെ ഭാഗത്ത് സഭയില്ലെങ്കിൽ നിങ്ങളുടെ വീട്ടിൽ ആരാധിക്കുക. (അനുബന്ധം 2 ലെ ചാർട്ടിൽ പറഞ്ഞിരിക്കുന്ന “ബൈബിൾ അനുസരിച്ചു എങ്ങനെ ഒരു പുതിയനിയമ ഇടവക ആരംഭിക്കാം” എന്നതു നോക്കുക.) സത്യത്തിലും ആത്മാവിലും ആരാധിക്കുക (യോഹന്നാൻ 4:24).
6. *മറ്റുള്ളവരോട്, യേശുവിനെപ്പറ്റി നിങ്ങൾ പറയുക.* നിങ്ങൾക്കു കഴിയുന്നവരോടെല്ലാം പറയാം (മത്തായി 28:18–20; മർക്കൊസ് 16:15, 16). ഈ

പുസ്തകം മറ്റുള്ളവർക്കു കൊടുത്ത് അവരെ ക്രിസ്ത്യാനികൾ ആക്കുവാൻ സഹായിക്കുക.

7. *സൽ പ്രവൃത്തികൾ ചെയ്യുക.* യേശുവിനാൽ രക്ഷിക്കപ്പെടുന്നവർ സൽ പ്രവൃത്തികൾക്കായി രക്ഷിക്കപ്പെടുന്നവരാണ് (എഫെസ്യർ 2:10).